"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മേപ്പാടി ഗ്രാമ പഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടൽ ദുരന്ത ബാധിത പ്രദേശത്ത് അടിയന്തരമായി ചെയ്യേണ്ട പശ്ചാത്തല വികസന പ്രവൃത്തികൾക്കായി നീക്കി വയ്ക്കുന്ന തുകയ്ക്ക് തത്തുല്യമായ തുക, ഉല്പാദന മേഖല വിഭജനത്തിൽ കുറവ് വരുത്തി 2024-25 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് വയനാട് ജില്ലാ പഞ്ചായത്തിനും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1772/2024/LSGD തീയതി,തിരുവനന്തപുരം, 26-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ (സാധാ) നം. 1448/2024/LSGD; തീയതി 05.08.2024
3. വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2024ലെ DP3-2850/2023 നമ്പർ കത്തും ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 08.08.2024ലെ 2/3 നമ്പർ തീരുമാനവും.
4. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.09.2024ലെ LSGD/5425/2023-D BP KPT WYD (1) നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 31.08.2024ലെ 01/01 നമ്പർ തീരുമാനവും.

**ഉത്തരവ്**

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ ഉരുൾപൊട്ടൽ മൂലമുണ്ടായ കനത്ത നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും 2024-25 വാർഷിക പദ്ധതിയിൽ നിർബന്ധമായും പ്രൊജക്ട് ഉൾപ്പെടുത്തണമെന്ന് പരാമർശം 2 പ്രകാരം വയനാട് ജില്ലാ പഞ്ചായത്തിനും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിനും നിർദ്ദേശം നൽകിയിരുന്നു. മേപ്പാടി ഗ്രാമപഞ്ചായത്തിന് പ്രത്യേക പദ്ധതികൾക്കുള്ള നിർബന്ധിത വകയിരുത്തലിലും മേഖലാ നിബന്ധനകളിലും ഇളവും അത് പ്രകാരം നൽകിയിരുന്നു.

2. വയനാട് ജില്ലാ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ആകെ പദ്ധതി വിഹിതത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം ട്രഷറിയിൽ ക്യൂബിൽ ആയതും എഗ്രിമെന്റ് വെച്ച് നിർവഹണം ആരംഭിച്ചതുമായ സ്പിൽ ഓവർ പ്രവൃത്തികൾക്ക് വകയിരുത്തേണ്ട തുക കിഴിച്ച് ബാക്കിയുള്ളതിൽ നിന്നും വിവിധ മേഖലകൾക്കുള്ള നിർബന്ധിത വകയിരുത്തലുകളും അനിവാര്യ പ്രൊജക്ടുകൾക്കുള്ള വകയിരുത്തലുകളും നടത്തുമ്പോൾ നിർബന്ധിതമായി

ഏറ്റെടുക്കേണ്ട പദ്ധതികളും മേപ്പാടി ദുരന്ത മേഖലയിൽ അനിവാര്യ പദ്ധതികളും ഏറ്റെടുക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണുള്ളത് എന്നും അതിനാൽ നടപ്പ് വാർഷിക പദ്ധതിയിൽ നിന്നും പരാമർശം 1 മാർഗ്ഗരേഖയുടെ ഖണ്ഡിക 5.4 പ്രകാരമുള്ള മേഖലാ നിബന്ധനകളും പ്രത്യേക പദ്ധതികൾക്കുള്ള നിർബന്ധിത വകയിരുത്തലുകളും നടത്തണമെന്ന വ്യവസ്ഥകളിൽ ജില്ലാ പഞ്ചായത്തിന് ഇളവ് അനുവദിക്കണമെന്നും വയനാട് ജില്ലാ പഞ്ചായത്ത് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. മുണ്ടക്കൈ ചൂരൽമല പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്കായി കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഉൽപ്പാദന മേഖലയിൽ നിന്നും വനിതാ മേഖലയിൽ നിന്നും കുട്ടികൾ ഭിന്നശേഷിക്കാരുടെ മേഖലയിൽ നിന്നും നിശ്ചിത തുക വാലിഡേഷനിൽ നിന്നും ഒഴിവാക്കി നൽകുന്നതിനും കൂടാതെ പ്രത്യേക ഘടകപദ്ധതി ഫണ്ടിൽ നിന്നും പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിൽ നിന്നും നിശ്ചിത തുക വാലിഡേഷനിൽ നിന്നും ഒഴിവാക്കി നൽകണമെന്നും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പരാമർശം 4 പ്രകാരവും ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുന്നത് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ സഹായം പ്രതീക്ഷിച്ചുകൊണ്ടാണ്. വയനാട് പോലുള്ള ഒരു കാർഷിക ജില്ലയിൽ ഉല്പാദന മേഖലയുടെ വിഹിതം പൂർണമായി ഒഴിവാക്കി നൽകുന്നതും പ്രത്യേക വിഭാഗങ്ങൾക്കുള്ള വിഹിതം ഒഴിവാക്കി നൽകുന്നതും അഭികാമ്യമല്ല. എന്നിരുന്നാലും, ദുരന്ത ബാധിത പ്രദേശത്ത് മാത്രമായി അടിയന്തരമായി ചെയ്യേണ്ടതുണ്ടെന്ന് വിലയിരുത്തപ്പെടുന്ന പശ്ചാത്തല വികസന പ്രവൃത്തികൾക്കായി നീക്കി വയ്ക്കുന്ന തകയ്ക്ക് തത്തുല്യമായ തുക, ഉല്പാദന മേഖലയിൽ കുറവ് വരുത്തുന്നതിന് വയനാട് ജില്ലാ പഞ്ചായത്തിനും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിനും ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും പുനരുജ്ജീവന പ്രവർത്തനങ്ങൾക്കുമായി സർക്കാർ എർപ്പെടുത്തിയിരിക്കുന്ന ഔദ്യോഗിക സംവിധാനങ്ങളുമായി കൂടിയാലോചിച്ച് മാത്രമേ ഇതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള തുക ഉപയോഗിച്ച് ചെയ്യാവുന്ന പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം ഇരട്ടിപ്പ് വരാതെ വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കുന്നതിന് കൂടുതൽ വിഹിതം കണ്ടെത്തേണ്ടതുണ്ട്. ഇതിനായി മാറ്റി വെയ്ക്കുന്ന വിഹിതം ജില്ലാ പഞ്ചായത്തിന് ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തി ലഭ്യമാക്കാവുന്നതാണ്. അതുപോലെ വനിതകളുടെ വികസനത്തിന് വിഹിതം നൽകുന്നതിനായി ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ഓരോ മേഖലയിലും തുക വകയിരുത്തി ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്. ഈ ഉത്തരവ് പ്രകാരം സോഫ്ട്വെയറിൽ ആവശ്യമായ ക്രമീകരണം ഒരുക്കുന്നതിന് ഐ.കെ.എം. നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, മേപ്പാടി ഗ്രാമപഞ്ചായത്ത്

2. പ്രസിഡന്റ്/ സെക്രട്ടറി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
3. പ്രസിഡന്റ്/ സെക്രട്ടറി, വയനാട് ജില്ലാ പഞ്ചായത്ത്
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ചീഫ് ടൗൺ പ്ലാനർ
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. ജില്ലാ കളക്ടർ, വയനാട്
12. ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്
13. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), വയനാട്
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 26-09-2024 10:30:14
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്